# പതിനാലാം കേരള നിയമസഭ
# (പതിനഞ്ചാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4645 25.06.2019-ൽ മറുപടിയ്ക്ക്

## ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.വി.ആർ. സുനിൽ കുമാർ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹനത്തിനും മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിനുമായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | എ) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹനത്തിനും ഇത്തരത്തിൽ മത്സ്യകൃഷിയിലൂടെയുളള മത്സ്യോല്പാദനം കൂട്ടുക എന്ന ലക്ഷ്യത്തോടെയുമാണ് ജനകീയ മത്സ്യകൃഷി പദ്ധതി 2018-19 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനായി രൂപകല്പന ചെയ്തിരുന്നത്. 2018-19 സാമ്പത്തിക വർഷം ഗ്രീൻബുക്കിൽ ഉൾപ്പെടുത്തി ജനകീയമത്സ്യകൃഷി പദ്ധതിയ്ക്ക് 40 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിന്റെ ഭാഗമായി പാടശേഖരങ്ങൾ ഉൾപ്പെടെ ഏകദേശം 8750 ഹെക്ടർ പ്രദേശത്ത് മത്സ്യകൃഷി നടപ്പിലാക്കാൻ വിഭാവന ചെയ്തിരുന്നു. കൂടാതെ 250 കൂട് മത്സ്യകൃഷി യൂണിറ്റും, 50 റീസർക്കുലേറ്ററി അക്വാകൾച്ചർ യൂണിറ്റും, 100 പടുതകുളങ്ങളിലെ മത്സ്യകൃഷിയും, 2000 കല്ലിൻമേയ്ക്കായ് കൃഷി യൂണിറ്റും മത്സ്യോല്പാദനത്തിനായി സ്ഥാപിക്കാനും വിഭാവന ചെയ്തിരുന്നു. എന്നാൽ പ്രളയത്തെ തുടർന്ന് ഭൗതിക ലക്ഷ്യം പൂർണ്ണമായി കൈവരിയ്ക്കുന്നതിന് കഴിഞ്ഞിരുന്നില്ല. ഇത് കൂടാതെ 2018-19 സാമ്പത്തിക വർഷം ബ്ലൂറെവല്യൂഷൻ പദ്ധതിയുടെ ഭാഗമായി 80 ഹെക്ടർ പ്രദേശത്ത് മത്സ്യകൃഷിയും 125 റീസർക്കുലേറ്ററി അക്വാകൾച്ചർ യൂണിറ്റും 100 കൂട് മത്സ്യകൃഷി യൂണിറ്റും 1000 കല്ലുമ്മേക്കായ യൂണിറ്റും അനുമതി ലഭ്യമാക്കി പദ്ധതി |

പൂർത്തീകരിച്ചു വരുന്നു.

2019-20 സാമ്പത്തിക വർഷത്തിൽ ജനകീയമത്സ്യകൃഷി പദ്ധതിയ്ക്കായി 74.2 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും അതിന്റെ ഭാഗമായി ശുദ്ധജലത്തിലും ഓരുജലത്തിലും വിവിധ കൃഷി രീതികൾ അവലംബിച്ച് ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

കർഷകർക്കുള്ള പരിശീലനം, വിജ്ഞാപന വ്യാപന പ്രവർത്തനങ്ങൾ, മത്സ്യകർഷക അവാർഡ്, മത്സ്യരോഗ നിയന്ത്രണം മുതലായവ ചെയ്യുന്നതിനായി 1205.86 ലക്ഷം രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്.

2019-20 സാമ്പത്തിക വർഷം, നീല വിപ്ലവം പദ്ധതിയിലുൾപ്പെടുത്തി 6 പദ്ധതികൾ കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

| | |
|---|---|
| ബി) ജനകീയ മത്സ്യകൃഷി-II പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; | ബി) ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം പദ്ധതി. ഈ പദ്ധതിയിലൂടെ 2017-18 സാമ്പത്തിക വർഷം നടപ്പിലാക്കിയിരുന്ന ഘടക പദ്ധതികളായ മാതൃകാ ശുദ്ധജല മത്സ്യകൃഷി ഫാമുകൾ, ചെറുകുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി, വലിയ കുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി, ചെമ്മീൻ കൃഷി, പാടശേഖരങ്ങളിലെ മത്സ്യകൃഷി എന്നീ പദ്ധതികൾ പൂർത്തീകരിച്ചു കഴിഞ്ഞു. |

2018-19 സാമ്പത്തിക വർഷം ഗ്രീൻബുക്കിൽ ഉൾപ്പെടുത്തി ജനകീയമത്സ്യകൃഷി പദ്ധതിയ്ക്ക് 40 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിന്റെ ഭാഗമായി പാടശേഖരങ്ങൾ ഉൾപ്പെടെ ഏകദേശം 8750 ഹെക്ടർ പ്രദേശത്ത് മത്സ്യകൃഷി , നടപ്പിലാക്കാൻ വിഭാവന ചെയ്തിരുന്നു. കൂടാതെ 250 കൂട് മത്സ്യകൃഷി യൂണിറ്റും, 50 റീസർക്കുലേറ്ററി അക്വാകൾച്ചർ യൂണിറ്റും, 100 പടുതകുളങ്ങളിലെ മത്സ്യകൃഷിയും, 2000 കല്ലിൻമേയ്ക്കായ് കൃഷി യൂണിറ്റും മത്സ്യോല്പാദനത്തിനായി സ്ഥാപിക്കാനും

വിഭാവന ചെയ്തിരുന്നു. എന്നാൽ പ്രളയത്തെ തുടർന്ന് ഭൗതിക ലക്ഷ്യം പൂർണ്ണമായി കൈവരിയ്ക്കുന്നതിന് കഴിഞ്ഞിരുന്നില്ല. ഇത് കൂടാതെ 2018-19 സാമ്പത്തിക വർഷം ബ്ലുറെവല്യൂഷൻ പദ്ധതിയുടെ ഭാഗമായി 80 ഹെക്ടർ പ്രദേശത്ത് മത്സ്യകൃഷിയും 125 റീസർക്കുലേറ്ററി അക്വാകൾച്ചർ യൂണിറ്റും 100 കൂട് മത്സ്യകൃഷി യൂണിറ്റും 1000 കല്ലുമ്മേക്കായ യൂണിറ്റും അനുമതി ലഭ്യമാക്കി പദ്ധതി പൂർത്തീകരിച്ചു വരുന്നു.

2019-20 സാമ്പത്തിക വർഷത്തിൽ ജനകീയമത്സ്യകൃഷി പദ്ധതിയിലൂടെ നടപ്പിലാക്കുന്ന ഘടകങ്ങളാണ് ശാസ്ത്രീയ കാർപ്പ് കൃഷി, പങ്കേഷ്യസ് കൃഷി, നൈൽതിലാപ്പിയ കൃഷി, റിസർക്കുലേറ്ററി അക്വാകൾച്ചർ, ഒരു നെല്ലും ഒരു മീനും കൃഷി, തദ്ദേശീയ മത്സ്യങ്ങളുടെ കൃഷി, കാരചെമ്മീൻ കൃഷി, ശാസ്ത്രീയ ഓരുജല മത്സ്യകൃഷി, ഓരുജല കൂട് മത്സ്യകൃഷി, ഞണ്ട് കൃഷി, കല്ലുമ്മേക്കായ് കൃഷി, കൃത്രിമ കുളങ്ങളിലെ കൃഷി, ശുദ്ധജല കൂട് മത്സ്യ കൃഷി, കാർപ്പ് - വിശാലമത്സ്യകൃഷി, ഒരു നെല്ലും ഒരു ചെമ്മീനും കൃഷി, ഓർഗാനിക് ചെമ്മീൻകൃഷി, ഓരു ജലത്തിലെ വിശാല മത്സ്യ കൃഷി, പിന്നാമ്പുറങ്ങളിലെ കരിമീൻ വിത്തുല്പാദന യൂണിറ്റ്, കാർപ്പുകളുടെ റിയറിംഗ് യൂണിറ്റ്, ഓരുജല മത്സ്യങ്ങളുടെ റിയറിംഗ്, അലങ്കാര/ഓരുജല മത്സ്യകുഞ്ഞുങ്ങളുടെ കൂടുകളിലെ പരിപാലനം എന്നിവ.

പ്രസ്തുത ഘടകങ്ങളുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് 78%-വും മത്സ്യകൃഷിയിടത്തിന്റെ അടിസ്ഥാന സൗകര്യ വികസനം 54%-വും ഇതിനോടകം പൂർത്തിയായിട്ടുണ്ട്. ഇതിൽ 34% കൃഷിയിടത്തിലും മത്സ്യവിത്ത് സംഭരിച്ച് കൃഷിയും ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്.

| | | |
|---|---|---|
| സി) | ഈ പദ്ധതി പ്രകാരം മത്സ്യകൃഷി യൂണിറ്റുകളും കല്ലുമ്മേക്കായകൃഷി യൂണിറ്റുകളും പുതുതായി ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | 2019-20 സാമ്പത്തികവർഷം ജനകീയമത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി വിവിധ മത്സ്യകൃഷി യൂണിറ്റുകളും കല്ലുമ്മേക്കായ കൃഷി യൂണിറ്റുകളും ആരംഭിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ഡി) | മത്സ്യവംശവർദ്ധന ലക്ഷ്യമിട്ട് കായലുകളിലും നദികളിലും മത്സ്യ ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ടോ; | ഡി) ഉണ്ട്. |
| ഇ) | നെൽകൃഷിയുമായി സംയോജിപ്പിച്ച് പാടശേഖരങ്ങളിൽ മത്സ്യകൃഷി നടത്തുന്നുണ്ടോ എന്നറിയിക്കാമോ? | ഇ) 2019-20 സാമ്പത്തിക വർഷം ജനകീയമത്സ്യ കൃഷി പദ്ധതിയിലുൾപ്പെടുത്തി 9453 ഹെക്ടർ പാടശേഖരങ്ങളിൽ ഒരുനെല്ലും ഒരു മീനും പദ്ധതി നടപ്പിലാക്കുന്നതിനും 2059 ഹെക്ടർ പ്രദേശത്ത് ഒരു നെല്ലും ഒരു ചെമ്മീൻ പദ്ധതി നടപ്പിലാക്കുന്നതിനും ഭരണാനുമതി ലഭ്യമാക്കി പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br>ഇതിനു പുറമേ അഡാക് വഴി കൈപ്പാട്-പൊക്കാളി നിലങ്ങളിൽ സംയോജിത മത്സ്യ-നെൽകൃഷി പദ്ധതി നടപ്പാക്കുന്നതിനായി 25 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിരുന്നു. കേരളത്തിൽ പല കാരണങ്ങളാൽ നാശോന്മുഖമായി ക്കൊണ്ടിരിക്കുന്ന പൊക്കാളി - കൈപ്പാടി നീർത്തട പ്രദേശങ്ങളിലെ കാലാവസ്ഥ വ്യതിയാനത്തിന്റെ വിപത്തുകളിൽ നിന്നും സംരക്ഷിച്ച് ഇവിടങ്ങളിൽ പരമ്പരാഗതമായി നിലനിന്നിരുന്ന നെൽകൃഷിയും മത്സ്യ/ചെമ്മീൻ കൃഷിയും പുനഃസ്ഥാപിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനത്തെ 600 ഹെക്ടർ കൈപ്പാട്-പൊക്കാളി പ്രദേശങ്ങളിൽ നെൽ കൃഷിയും മത്സ്യകൃഷിയും ഈ പദ്ധതി പ്രകാരം നടത്തി വരുന്നുണ്ട്. പദ്ധതി പ്രവർത്തനം ത്വരിത ഗതിയിൽ നടന്നുവരുന്നു. |

സെക്ഷൻ ആഫീസർ

## അനുബന്ധം

2019-20 സാമ്പത്തികവർഷം ജനകീയമത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി വിവിധ മത്സ്യകൃഷി യൂണിറ്റുകളും കല്ലുമ്മേക്കായ കൃഷി യൂണിറ്റുകളും ആരംഭിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം: | മത്സ്യകൃഷി രീതി | ഹെക്ടർ/ യൂണിറ്റ് |
|---|---|---|
| 1 | ശാസ്ത്രീയ കാർപ്പ് കൃഷി | 1825 ഹെക്ടർ |
| 2 | പങ്കേഷ്യസ് കൃഷി | 212 ഹെക്ടർ |
| 3 | നൈൽതിലാപ്പിയ കൃഷി | 75 ഹെക്ടർ |
| 4 | റിസർക്കുലേറ്ററി അക്വാകൾച്ചർ | 387 യൂണിറ്റ് |
| 5 | ഒരു നെല്ലും ഒരു മീനും കൃഷി | 9453 ഹെക്ടർ |
| 6 | തദ്ദേശീയ മത്സ്യങ്ങളുടെ കൃഷി | 62 ഹെക്ടർ |
| 7 | കാരചെമ്മീൻ കൃഷി | 195 ഹെക്ടർ |
| 8 | ശാസ്ത്രീയ ഓരുജല മത്സ്യകൃഷി | 319 ഹെക്ടർ |
| 9 | ഓരുജല കൂട് മത്സ്യകൃഷി | 1252 യൂണിറ്റ് |
| 10 | ഞണ്ട് കൃഷി | 13 ഹെക്ടർ |
| 11 | കല്ലുമ്മേക്കായ് കൃഷി | 3051 യൂണിറ്റ് |
| 12 | കൃത്രിമ കുളങ്ങളിലെ കൃഷി | 200 യൂണിറ്റ് |
| 13 | ശുദ്ധജല കൂട് മത്സ്യ കൃഷി | 254 യൂണിറ്റ് |
| 14 | കാർപ്പ് - വിശാലമത്സ്യകൃഷി | 1438 ഹെക്ടർ |
| 15 | ഒരു നെല്ലും ഒരു ചെമ്മീനും കൃഷി | 2059 ഹെക്ടർ |
| 16 | ഓർഗാനിക് ചെമ്മീൻകൃഷി | 86 ഹെക്ടർ |
| 17 | ഓരുജലത്തിലെ വിശാല മത്സ്യ കൃഷി | 943 ഹെക്ടർ |
| 18 | പിന്നാമ്പുറങ്ങളിലെ കരിമീൻ വിത്തുല്പാദന യൂണിറ്റ് | 480 യൂണിറ്റ് |
| 19 | കാർപ്പുകളുടെ റിയറിംഗ് യൂണിറ്റ് | 65 ഹെക്ടർ |
| 20 | ഓരുജല മത്സ്യങ്ങളുടെ റിയറിംഗ് | 4 ഹെക്ടർ |
| 21 | അലങ്കാര/ഓരുജല മത്സ്യകുഞ്ഞുങ്ങളുടെ കൂടുകളിലെ പരിപാലനം | 39 യൂണിറ്റ് |

സെക്ഷൻ ആഫീസർ